**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോഡ്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayat@gmail.com
**0471-2323286** **തീയതി : 04/06/2022**

# നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം–പത്തനംതിട്ട ജില്ല – കടപ്ര ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റ് ശ്രീമതി. ഉമാവർമ ആർ- നെ ഹെഡ് ക്ലാർക്ക്/അക്കൌണ്ടന്റ് സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് –സംബന്ധിച്ച്

സൂചന:
1. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്ററുടെ 10/02/2022 തീയതിയിലെ ഇ 1–04/2022 നമ്പർ കത്ത്
2. ശ്രീമതി ഉമാവർമയുടെ 04/02/2022 തീയതിയിലെ അപേക്ഷ
3 പഞ്ചായത്ത് ഡയറക്ടറുടെ 01/072019 ലെ ഇ 3–27043/2018 നമ്പർ ഉത്തരവ്
4. പഞ്ചായത്ത് ഡയറക്ടറുടെ 23/05/2018 ലെ ഇ 5 –38575/2017 നമ്പർ ഉത്തരവ്
5 പഞ്ചായത്ത് ഡയറക്ടറുടെ 30/06/2018 ലെ ഇ 13–13/18 നം ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി ഉമാവർമ ആർ നെ സൂചന(3) പ്രകാരമുള്ള ഹെഡ്ക്ലർക്ക് /അക്കൌണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളുമാണ് സൂചന (1 ,2) പ്രകാരം നൽകിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീമതി ഉമാവർമ ആർ സൂചന (4) പ്രകാരമുള്ള സീനിയർ ക്ലർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ സീനിയോരിറ്റി നമ്പർ 425 ആയി ഉൾപ്പെട്ട ജീവനക്കാരിയാണ്. ടിയാൾ സൂചന (5) ഉത്തരവ് പ്രകാരമാണ് അക്കൌണ്ട് തസ്തികയിൽ പ്രൊമോഷനായിട്ടുള്ളത്. നാളിതുവരെയുള്ള ഹെഡ് ക്ലാർക്ക് /അക്കൌണ്ട് തസ്തികയിലെ ഒരു സീനിയോരിറ്റി ലിസ്റ്റിലും ടിയാൾ ഉൾപ്പെട്ട് വന്നിട്ടുള്ളതല്ല.

ശ്രീമതി ഉമാവർമയുടെ ജൂനിയറായ (സീനിയർ ക്ലർക്ക് മാരുടെ സീനിയോറിറ്റി പട്ടികയിൽ സീനിയോരിറ്റി നമ്പർ 428 ) ശ്രീ.ബിജു പി എന്നവർക്ക് പഞ്ചായത്ത് ഡയറക്ടറുടെ 29/06/2018 ലെ ഇ –13/18 നമ്പർ ഉത്തരവ് പ്രകാരം അക്കൌണ്ടന്റായി പ്രൊമോഷൻ ആയിട്ടുള്ളതും ടിയാൾ സൂചന(3) പ്രകാരമുള്ള ഹെഡ്ക്ലർക്ക്/ അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ സീനിയോരിറ്റി നമ്പർ 3687 ആയി സ്ഥാനക്രമം നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി ഉമാവർമയെ സൂചന (3) പ്രകാരമുള്ള

സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. ബിജുവിന്റെ സീനിയോരിറ്റി നമ്പറിന് (3687) തൊട്ട് മുകളിലായും ശ്രീമതി രാജശ്രീ ജി. -യുടെ സീനിയോരിറ്റി നമ്പറിന് (3686) തൊട്ട് താഴെയായും 3686 (എ) ആയി ഉൾപ്പെടുത്തി പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് പുന ക്രമീകരിക്കാവുന്നതാണെന്ന് കാണുന്നു.

| Sl.No | Name | Date Of Birth | Feeder Category No | Date of Promotion |
|---|---|---|---|---|
| 3686 | Rajasree.G | 10/05/1983 | 423 | 29/06/2019 |
| 3686(A) | Umavarma.R | 28/5/1968 | 425 | 30/06/2018 |
| 3687 | Biju.P | 30/05/1983 | 428 | 29/06/2018 |

മേൽ പ്രകാരം ശ്രീമതി ഉമാവർമയെ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം ആക്ഷേപം 15 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**H. DINESHAN IAS**
**DIRECTOR OF PANCHAYATH**

പകർപ്പ്:-

1.എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ജീവനക്കാരും നോട്ടീസ് കണ്ടെന്ന് ഉറപ്പുവരുടത്തേണ്ടതാണ്.)
2.എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
3.ശ്രീമതി.ഉമാവർമ ആർ അക്കൌണ്ടന്റ് , കടപ്ര ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
4. കരുതൽ/അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.06.04 15:19:16 IST
Reason: Approved